**മഹാത്മാ ഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

# വാർത്താക്കുറിപ്പ്

**2024 ജനുവരി 3**

---

## ഇന്റർ കൊളിജിയറ്റ് ക്വിസ് മത്സരം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സ് സംഘടിപ്പിക്കുന്ന ഓൾ കേരള ഇന്റർ കൊളിജിയറ്റ് ജനറൽ ക്വിസ് മത്സരം ജനുവരി പത്തിന് സർവകലാശാലാ കാമ്പസിലെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സിൽ നടക്കും. സംസ്ഥാനത്തെ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലെ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് രണ്ടു പേർ അടങ്ങിയ ടീമായി പങ്കെടുക്കാം.

ആദ്യ മൂന്നു സ്ഥനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം 10000 രൂപ, 5000രൂപ, 3000രൂപ എന്നിങ്ങനെ സമ്മാനം നൽകും. വിശദ വിവരങ്ങൾ 8281000426, 7736363406 എന്നീ ഫോൺ നമ്പരുകളിൽ ലഭിക്കും.

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് സൗണ്ട് എൻജിനീയറിംഗ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ന്യു സ്കീം - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 10 മുതൽ നടക്കും.

(പി.ആർ.ഒ/39/4/2024)

## വൈവ വോസി

മൂന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യു(2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ ഫീൽഡ് വർക്ക് വൈവ വോസി പരീക്ഷകൾ ജനുവരി എട്ടിന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/5/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**